ഉത്തരം

(എ) 2014-15-ൽ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും 9 ലക്ഷം രൂപ തദ്ദേശ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ലഭ്യമാക്കുന്നതിനായി ഉറവിടത്തിൽ കുറവ് ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ധനവിനിയോഗത്തിന് നിലവിലുള്ള പൊതുവായ നിയന്ത്രണങ്ങളല്ലാതെ പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് മാത്രമായി ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ബാധിച്ചിട്ടില്ല.

വോട്ടർപട്ടിക പുതുക്കിയതിനുള്ള പ്രതിഫലം

243 (1668) ശ്രീ. കെ. സുരേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർ പട്ടിക പുതുക്കൽ ജോലി നിർവ്വഹിച്ചിട്ടുള്ള അംഗൻവാടി ജീവനക്കാർക്ക് അലവൻസ് ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ;

(ബി) അലവൻസ് ലഭ്യമാക്കുന്നതിൽ ഭരണതലത്തിൽ കാലതാമസം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലതാമസം വരുത്തിയ സ്ഥാപനത്തിനെതിരെയും ജീവനക്കാർക്കെതിരെയും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

(സി) അലവൻസ് തുക എത്രയെന്നും തുക എപ്പോൾ ലഭ്യമാക്കുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly